# (iii) വേദങ്ങൾ

മനുഷ്യരുടെ മാർഗദർശനാർഥം അല്ലാഹു നല്കിയ സന്മാർഗ സന്ദേശങ്ങളാകുന്നു വേദങ്ങൾ. അല്ലാഹു അവന്റെ സന്ദേശം സ്വന്തം വചനങ്ങളിലൂടെ മലകുകൾ മുഖേന പ്രവാചകന്മാരെ പഠിപ്പിക്കുന്നു. പ്രവാചകന്മാർ അത് അതേപടി ജനങ്ങളിൽ പ്രചരിപ്പിക്കുകയും ഹൃദിസ്ഥമാക്കിക്കുകയും അതിന്റെ അർഥവും പ്രായോഗിക താൽപര്യങ്ങളും സ്വജീവിതത്തിലൂടെ കാണിച്ചുകൊടുക്കുകയും ചെയ്യുന്നു. ജനങ്ങൾ അവർ പഠിച്ച ദൈവിക വചനങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുകയും പിൻതലമുറകൾക്ക് കൈമാറുകയും ചെയ്യുന്നു. ഇങ്ങനെയാണ് വേദങ്ങൾ രൂപം കൊള്ളുന്നതും നിലനില്ക്കുന്നതും. നിരവധി പ്രവാചകന്മാർക്ക് അല്ലാഹു വേദം അവതരിപ്പിച്ചുകൊടുത്തിട്ടുണ്ട്. “സന്മാർഗ സുവിശേഷകരും ദുർമാർഗത്തിന്റെ താക്കീതുകാരുമായി അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചുകൊണ്ടിരുന്നു. സത്യത്തെക്കുറിച്ച് ജനത്തിനിടയിൽ ഉടലെടുത്ത ഭിന്നിപ്പുകളിൽ തീർപ്പു കല്പിക്കുന്നതിനായി അവരോടൊപ്പം സത്യവേദവും അവതരിപ്പിച്ചുകൊണ്ടിരുന്നു”(2: 213). മുഹമ്മദ്നബിയോട് ഖുർആൻ പറയുന്നു: “ഈ ജനം നിന്നെ നിഷേധിക്കുന്നുവെങ്കിൽ, നിനക്കു മുമ്പും നിരവധി പ്രവാചകന്മാർ നിഷേധിക്കപ്പെട്ടിട്ടുള്ളതാകുന്നു. അവരൊക്കെയും വ്യക്തമായ ദൃഷ്ടാന്തങ്ങളും ഏടുകളും വെളിച്ചം വിതറുന്ന വേദങ്ങളും കൊണ്ടാണ് ആഗതരായിരുന്നത്”(3: 184). “ഇക്കൂട്ടർ ബഹുദൈവാരാധകരാകുന്നുവെങ്കിൽ തങ്ങൾ ചെയ്ത കർമങ്ങളൊക്കെയും അവർക്കു പാഴായിപ്പോയതുതന്നെ. നാം വേദവും ശാസനാധികാരവും പ്രവാചകത്വവും നല്കിയ ദൈവദൂതന്മാരായിരുന്നു അവർ. ഇപ്പോൾ ഇക്കൂട്ടർ അതു സ്വീകരിക്കുന്നില്ലെങ്കിൽ വേണ്ട, അതിനെ നിഷേധിക്കാത്ത മറ്റൊരു ജനത്തിനു നാം അത് ഏല്പിച്ചുകൊടുത്തിരിക്കുന്നു.”(6: 88, 89).

വേദം ലഭിച്ച ചില പ്രവാചകന്മാരുടെ പേരുകൾ ഖുർആൻ പരാമർശിക്കുന്നുണ്ട്. ഇബ്റാഹീം, മൂസാ, ദാവൂദ്, ഈസാ തുടങ്ങിയവർ അക്കൂട്ടത്തിൽ പെടുന്നു. ഇബ്റാഹീംനബിക്ക് അവതീർണമായ ഏടുകൾ ഇന്ന് തീരെ നഷ്ടപ്പെട്ടിരിക്കുന്നു. ദാവൂദ്നബിക്ക് അവതീർണമായ വേദവും തനതു രൂപത്തിൽ നിലവിലില്ല. *ബൈബിൾ പഴയ നിയമ*ത്തിലെ *ദാവീദിന്റെ സങ്കീർത്തനങ്ങൾ* ദാവൂദ്നബിക്കു ലഭിച്ച *സബൂർ* എന്ന വേദത്തിന്റെ ഭാഗമായിരിക്കാം. എന്നാൽ *സങ്കീർത്തനങ്ങൾ* മുഴുവൻ അതാണെന്നോ *സബൂർ* മുഴുവനും അതിലുണ്ടെന്നോ പറയാനാവില്ല. മൂസാനബിക്ക് അവതരിച്ച *തൗറാതി*ന്റെയും ഈസാനബിക്ക് അവതരിച്ച *ഇൻജീലി*ന്റെയും അവസ്ഥയും ഇതുതന്നെ. നിലവിലുള്ള *ബൈബിൾ പുതിയ നിയമ*ത്തിലും *പഴയനിയമ*ത്തിലും അവയുടെ ഭാഗങ്ങൾ കണ്ടേക്കാം. പക്ഷേ, അവ *ഇഞ്ചീലും തൗറാതു*മാണെന്ന് പറയുക വയ്യ. മൂസാനബിക്കും ഈസാനബിക്കും ശേഷം അവരുടെ അനുയായികൾ ക്രോഡീകരിച്ചതാണ് *ബൈബിൾ പുതിയ നിയമ*വും *പഴയ നിയമ*വും. കാലാന്തരത്തിൽ ജൂത-ക്രൈസ്തവ പുരോഹിതന്മാർ അവയിൽ പല വെട്ടിച്ചുരുക്കലുകളും കൂട്ടിച്ചേർക്കലുകളും നടത്തിയിട്ടുണ്ട്. കർമശാസ്ത്രവും ചരിത്രവുമെല്ലാം വേദത്തിൽ എഴുതിച്ചേർത്തതിനാൽ വേദഭാഗമേത്, പിന്നീട് എഴുതിച്ചേർത്ത കർമശാസ്ത്രവും ചരിത്രവുമേത് എന്നൊന്നും തിരിച്ചറിയാനാകാത്ത അവസ്ഥയാണുള്ളത്. പൂർവവേദം ഇങ്ങനെ വികൃതമാക്കപ്പെടുകയും അവയുടെ മൗലിക സന്ദേശം വിസ്മൃതമാവുകയും ചെയ്യുമ്പോഴാണ് പുതിയ വേദം അവതരിച്ചുകൊണ്ടിരുന്നത്. ഖുർആൻ പറയുന്നു: “പിന്നെ പൂർവ തലമുറകൾക്കു ശേഷം വേദത്തിന്റെ അവകാശികളായിക്കൊണ്ട് ഐഹികമായ അധമലാഭങ്ങൾ വാരിക്കൂട്ടുകയും നമുക്കു മാപ്പു ലഭിക്കുമെന്ന് പ്രതീക്ഷിക്കാമെന്നു വാദിക്കുകയും ചെയ്യുന്ന ദുഷിച്ച പിൻതലമുറ അവരുടെ പ്രതിനിധികളായി വന്നു”(7: 169).

ഖുർആനിന്റെ പ്രഥമ അഭിസംബോധിതർ സെമിറ്റിക് വംശജരായ അറബ്യൻ മുശ്രികുകളും ജൂത-ക്രൈസ്തവ വിഭാഗങ്ങളുമായിരുന്നു. അതുകൊണ്ടാവാം സെമിറ്റിക് പ്രവാചകന്മാരെയും അവർക്ക് അവതരിച്ച വേദങ്ങളെയുമാണ് ഖുർആൻ മുഖ്യമായും ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഇന്ത്യ, ചൈന, ഇറാൻ തുടങ്ങിയ നാടുകളിലെ മതവിഭാഗങ്ങളും ചില വേദങ്ങളെ പിന്തുടരുന്നുണ്ട്. അവയുടെ മൂലരൂപം അവരിൽ ആഗതരായ പ്രവാചകന്മാർക്ക് അവതരിച്ചുകിട്ടിയ ദൈവിക സന്ദേശങ്ങൾ തന്നെയാവാം. അങ്ങനെയെങ്കിൽ സെമിറ്റിക് വേദങ്ങൾക്കുണ്ടായ പരിണാമങ്ങൾ അവയെയും ബാധിച്ചിരിക്കുന്നുവെന്ന് വ്യക്തം.

ഖുർആൻ 98: 4,5-ൽ സൂചിപ്പിച്ചതുപോലെ എല്ലാ വേദങ്ങളുടെയും മൗലിക സന്ദേശം ഒന്നുതന്നെയായിരുന്നു. കാലത്തിന്റെയും ദേശത്തിന്റെയും ഭാഷയുടെയും അന്തരം വിശദാംശങ്ങളിൽ ആവശ്യപ്പെട്ട വ്യത്യാസങ്ങൾ മാത്രമേ അവ തമ്മിലുണ്ടായിരുന്നുള്ളൂ. വേദങ്ങൾ തമ്മിൽ ഇന്നു കാണപ്പെടുന്ന മൗലിക സന്ദേശത്തിലുള്ള വൈരുധ്യങ്ങൾ ദൈവിക വചനങ്ങളിൽ മനുഷ്യരുടെ കൈകടത്തൽ മൂലം സംഭവിച്ചതാണ്.